മി. സ്പീക്കർ : ഇപ്പോൾ എല്ലാം ഞാൻ വളരെ ഫ്രീ ആണ്. ഇതൊന്നും നടപടിക്രമങ്ങളിൽ ഉള്ളതല്ല. എങ്കിലും സമ്മതിക്കുകയാണ്. ഇവിടെ പറഞ്ഞ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് എനിക്ക് അഭിപ്രായമില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

III ശ്രദ്ധക്ഷണിക്കൽ

(1) കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബിനോയ് വിശ്വം : സർ, ഈ സഭയിൽ അങ്ങ് അടക്കം എല്ലാവരും പരിപൂർണ്ണ മനസ്സോടെ പിൻതാങ്ങുന്ന അപേക്ഷയാണ് എനിക്ക് മുന്നോട്ടു വയ്ക്കാനുള്ളത്. കാർഷികകടങ്ങളുടെ ഭാരം താങ്ങി കേരളത്തിലെ കർഷകർ പൊറുതി മുട്ടുകയാണ്. അവരുടെ ജീവിതം അങ്ങേയറ്റത്തെ ദുരിതത്തിലേക്ക് ആണ്ടു വീഴുകയാണ്. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ ഇറക്കുമതി നയംമൂലം കാർഷിക ഉൽപ്പന്നങ്ങൾക്കെല്ലാം വില ഇടിഞ്ഞു കഴിഞ്ഞു. പ്രകൃതി ക്ഷോഭത്തിന്റെ ദുരിതങ്ങളും അവർ ഏറ്റു വാങ്ങുന്നു. കാർഷികരംഗത്ത് മുഴുവൻ കണ്ണീർ വീഴുകയാണ്. ഈ കടഭാരം താങ്ങാനാകാതെ കേരളത്തിലെ കർഷക കുടുംബങ്ങൾ കുടുംബസമേതം മരണത്തെ സ്വയം വരിക്കുന്ന വാർത്തകൾ നമുക്ക് എല്ലാവർക്കും വായിക്കാൻ കഴിയും. സ്ഥിതി അങ്ങേയറ്റം ദയനീയമാണ്. കേരളത്തെ തീറ്റിപ്പോറ്റുവാൻ വേണ്ടി ചോര നീരാക്കി പാടുപെടുന്ന കർഷകന്റെ വേദനയെപ്പറ്റി ബഹുമാനപ്പെട്ട കെ. എം. മാണിസാറിനോട് ഞാൻ പറയേണ്ടതില്ല. അത് എല്ലാവരാലും അംഗീകരിക്കപ്പെട്ട യാഥാർത്ഥ്യമാണ്. കർഷകർ ഇത്രയും കടുത്ത ദുരിതങ്ങൾ, പ്രയാസങ്ങൾകൊണ്ട് കൊടുമ്പിരിക്കൊള്ളുമ്പോൾ അവരെ സഹായിക്കാൻ വേണ്ടി നാം എന്തു ചെയ്യും ? ഗവൺമെന്റ് അത് എങ്ങനെ കാണും ? അവരുടെ ജീവിതഭാരത്തോടും, പ്രയാസത്തോടും അനുഭാവം കാണിക്കാൻ ഗവൺമെന്റ് എന്താണ് ചെയ്യാൻ പോകുന്നത്. വാക്കിൽ മാത്രമല്ല നാം കർഷക പ്രേമം പറയേണ്ടത്. അധ്വാനവർഗ്ഗത്തെപ്പറ്റിയുള്ള സിദ്ധാന്തങ്ങളും പ്രമാണങ്ങളും മാത്രം പോര. ഗവൺമെന്റ് ഭാഗത്തുനിന്നും കർഷക ലക്ഷങ്ങൾക്കുവേണ്ടി എന്തു ചെയ്യുമെന്ന് എല്ലാ കർഷകരും ചോദിക്കുന്നു. അതുകൊണ്ട് പറയുകയാണ് കർഷകരുടെ ഈ കാർഷിക കടങ്ങൾ എഴുതിത്തള്ളാനുള്ള നടപടി അടിയന്തരമായിട്ടും ഉണ്ടാകണം. ഞാൻ കണക്കൊന്നും പറയുന്നില്ല. കേന്ദ്ര ഗവൺമെന്റ് 16-ാം തീയതി ഒരു കൺകെട്ട് വിദ്യപോലെ പറയുകയുണ്ടായി. കർഷകരുടെ കടത്തിന്റെ പലിശ അവർ കുറക്കുന്നതായി പ്രഖ്യാപനം വന്നിരിക്കുന്നു. 12% കാർഷിക വായ്പയുടെ പലിശ നിരക്ക് 9% ആക്കി കുറയ്ക്കും എന്ന് കേന്ദ്രഗവൺമെന്റ് പറഞ്ഞിരിക്കുകയാണ്. വാസ്തവത്തിൽ എത്ര വലിയ വഞ്ചനയാണ് കേന്ദ്ര ഗവൺമെന്റ് കാണിച്ചത് എന്നത് പരിശോധിച്ചാൽ എല്ലാവർക്കും ബോദ്ധ്യമാകുന്ന കാര്യമാണ്. കൃത്യമായി വായ്പ അടച്ചാൽ, കൃത്യമായി വായ്പ അടയ്ക്കുന്നവർക്കുള്ള ഒരു അംഗീകാരം കണക്കെ 5 ശതമാനം ഇളവു ചെയ്തുകൊണ്ട് 7 ശതമാനം അടച്ചാൽ മതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്ന നിബന്ധന ഇപ്പോൾ തന്നെ ഉള്ളപ്പോൾ 9 ശതമാനമാക്കി ആ തുക പ്രഖ്യാപിച്ചതുവഴി കർഷകന്റെ മേൽ കേന്ദ്ര ഗവൺമെന്റ് വഞ്ചനാപരമായി 2 ശതമാനം കാർഷിക നികുതി കൂടുതലായി അടിച്ചേൽപ്പിച്ചിരിക്കുകയാണ്. കുറ്റകൃത്യമാണ് കേന്ദ്രം ചെയ്തിരിക്കുന്നത്. ഭവന വായ്പയുടെ പലിശ 20 ശതമാനമായിരുന്നത് 8 ശതമാനമായി കുറയ്ക്കുകയും, വാഹന വായ്പയുടെ പലിശ 20 ശതമാനമായിരുന്നത് 7.75 ശതമാനമായി കുറയ്ക്കുകയും ചെയ്ത ഗവൺമെന്റ് കൃഷിക്കാരോട് മാത്രം കാണിക്കുന്ന കൊടിയ വഞ്ചനയെപ്പറ്റി കേരളം അഭിപ്രായം പറയുമെന്നാണ് എന്റെ പ്രതീക്ഷ. കോർപ്പറേറ്റ് മേഖലയുടെ വായ്പ ഒരു ലക്ഷംകോടി രൂപ എഴുതി തള്ളിയ ഗവൺമെന്റാണ് രാജ്യം ഭരിക്കുന്നത്. Non-performing assets എന്നുപറഞ്ഞുകൊണ്ട് വമ്പന്മാരേയും കൊള്ളക്കാരേയും കാണുമ്പോൾ കവാത്ത് മറന്നു പോകുന്ന കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും കൃഷിക്കാരോട് നീതി കാണിക്കുമോ ? അതാണ് എന്റെ വിഷയം. അതുകൊണ്ട് സഹകരണ മേഖലയുടെ മേൽ ബാങ്കുകളുടെ മേൽ ഈ ഭാരം വന്നുപതിക്കാതിരിക്കാൻ വേണ്ടി, ഗവൺമെന്റുകൾ ആ ഭാരം ഏറ്റെടുത്തിട്ട് കർഷകന്റെ കടം എഴുതിത്തള്ളുക മാത്രം ആണ് സ്വീകാര്യമായ ഒരേ ഒരു പോംവഴിയെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. കാർഷികകടം എഴുതിത്തള്ളുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നീക്കത്തിനു വേണ്ടി ഈ വൈകിയവേളയിൽ എങ്കിലും തയ്യാറാകണമെന്ന് അപേക്ഷിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട ബിനോയ് വിശ്വത്തിന്റെ ഉദ്ദേശശുദ്ധി ഞാൻ മനസ്സിലാക്കുന്നു. കേരളത്തിലെ കർഷകർ വളരെയധികം വിഷമത അനുഭവിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. അവരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക കടങ്ങൾ എഴുതി തള്ളുന്നത് നല്ലൊരു കാര്യമാണ്. പക്ഷെ, നമ്മുടെ സാമ്പത്തിക സ്ഥിതി അതിന് അനുവദിക്കുന്നില്ല. തീർച്ചയായും കേന്ദ്ര ഗവൺമെന്റിനോട് കാർഷിക കടങ്ങൾ എഴുതി തള്ളുന്നതിനുവേണ്ടി അഭ്യർത്ഥിക്കാം. കേന്ദ്ര ഗവൺമെന്റ് അത് ചെയ്യുമെന്ന് പ്രത്യാശിക്കാം. കേന്ദ്ര ഗവൺമെന്റ് കടാശ്വാസ നിയമം പാസ്സാക്കുകയുണ്ടായി. 29-12-2001-നു മുമ്പുള്ള കടങ്ങൾക്കു മുഴുവൻ ഈ ഗവൺമെന്റ് മോറട്ടോറിയം നൽകി. രണ്ടു ഹെക്ടറിനു താഴെ ഭൂമിയും 50,000 രൂപ വാർഷിക വരുമാനവും ഉള്ളവർക്കാണ് മോറട്ടോറിയം കൊടുത്തത്. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വായ്പകൾക്ക് 6 മാസത്തെ മോറട്ടോറിയം ഗവൺമെന്റിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് ഒരുവർഷത്തെ മോറട്ടോറിയം. ആ മോറട്ടോറിയം പീരേഡിൽ പലിശയും പിഴപ്പലിശയും ഗവൺമെന്റ് ഒഴിവാക്കിക്കൊടുത്തു. അതിലേക്ക് 150 കോടി രൂപയോളം ബാദ്ധ്യത വരുമെന്നാണ് ഗവൺമെന്റിന്റെ കണക്ക്. ഏതായാലും 29-12-2001 മുതൽ ഒരു വർഷത്തേക്ക് കൃഷിക്കാർക്കെതിരായിട്ടുള്ള സിവിൽ കേസുകൾ നിർത്തിവയ്ക്കാനും Negotiable Instruments Act-138 അനുസരിച്ചുള്ള പ്രോസിക്യൂഷൻ നടപടികൾ നിർത്തിവയ്ക്കാനും ഗവൺമെന്റിനു കഴിയും. ഇതുമാത്രമല്ല, ഈ ഗവൺമെന്റിന്റെ ആവശ്യപ്രകാരം ആണ് വാണിജ്യ ബാങ്കുകളുമായി ചർച്ച നടത്തി short term loan, middle term loan, long term loan എല്ലാം റീഷെഡ്യൂൾ

ചെയ്യാനുള്ള തീരുമാനമെടുത്തത്. അത് ഈ ഗവൺമെന്റിന്റെ ശ്രമഫലമായിട്ടാണ്. അതുപോലെതന്നെ മൺസൂൺ കാലഘട്ടത്തിൽ കാർഷികനഷ്ടം ഉണ്ടായിരിക്കുന്ന സംസ്ഥാനങ്ങൾക്ക് R.B.I.-യുടെ നിർദ്ദേശമനുസരിച്ച് വീണ്ടും മോറട്ടോറിയം വരികയുണ്ടായി. ചെറുകിടക്കാർക്ക് 5 വർഷംകൊണ്ട് അടച്ചുതീർക്കാനുള്ള കാലാവധി കൊടുത്തു. 4 വർഷംകൊണ്ട് അവരുടെ കടങ്ങൾ അടച്ചുതീർക്കാനുള്ള സ്കീമനുസരിച്ച് ഒരു വർഷത്തെ മോറട്ടോറിയവും വായ്പ തിരിച്ചടയ്ക്കുന്നതിന് ചെറുകിടക്കാർക്ക് 5 വർഷവും അല്ലാത്തവർക്ക് 4 വർഷവും R.B.I. കൊടുത്തു. കാപ്പി കൃഷിക്കാർക്ക് State Bank of India ഒരു പ്രത്യേക സ്കീമുണ്ടാക്കി Non-performing assets, അതായത് ഉൽപ്പാദനക്ഷമമല്ലാത്ത അവരുടെ അസറ്റ്സ് റി ഷെഡ്യൂൾ ചെയ്യാൻ അവർ പുതിയ ഒരു നടപടി സ്വീകരിച്ചു. റീ-ഷെഡ്യൂൾ ചെയ്യുക മാത്രമല്ല, വീണ്ടും പുതിയ കടങ്ങൾ കൊടുക്കുന്നതിനുവേണ്ടി അവർ നടപടികൾ സ്വീകരിച്ചു. ഈ ഗവൺമെന്റ് വായ്പയെടുത്ത കൃഷിക്കാർക്ക് വളരെ ഉദാരമായി റവന്യൂ റിക്കവറി ആയിരുന്നാൽപ്പോലും അവർക്ക് തവണകൾ കൊടുക്കുന്നുണ്ട്. കേരള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി കൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇനിയും അവർക്ക് എന്തെങ്കിലും ഭാരമുണ്ടെങ്കിൽ അത് ലഘൂകരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാമെന്ന് നമുക്ക് ആലോചിക്കാം. തീർച്ചയായും കേന്ദ്ര ഗവൺമെന്റിൽ കൂടുതൽ സഹായത്തിനുവേണ്ടി അഭ്യർത്ഥിക്കാം. കേന്ദ്ര ഗവൺമെന്റ് അത് നൽകുമെന്ന് പ്രത്യാശിക്കുകയാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, അങ്ങയുടെ മറുപടിയെത്തുടർന്ന് എനിക്ക് ചോദിക്കാനുള്ളത് കർഷകരുടെ കടബാദ്ധ്യതയുടെ മുമ്പിൽ ആശ്വാസകരമായ പലതും ചെയ്യാൻ ഗവൺമെന്റ് ഒരുക്കമാണെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. പക്ഷേ, നാട്ടിൻപുറങ്ങളിലൊക്കെ ജപ്തി പേടിച്ചുകൊണ്ട് കൃഷിക്കാർ നെട്ടോട്ടം ഓടുകയാണ്. എം.എൽ.എ.-മാരെയെല്ലാം കാണാനും സങ്കടം പറയാനും വേണ്ടി അവർ എന്നും വരികയാണ്. പല കാര്യങ്ങളും കേട്ടാൽ നമുക്ക് ഉറങ്ങാൻ പറ്റുകയില്ല. അതുകൊണ്ട് ജപ്തികളൊന്നും ഉണ്ടാവുകയില്ല എന്ന് പ്രഖ്യാപിക്കുവാനും കടബാദ്ധ്യത തീർക്കാൻവേണ്ടിയുള്ള കർഷക സംഘടനയുടെ കൺസിലിയേഷൻ ബോർഡ് അടിയന്തരമായി രൂപീകരിക്കുമെന്ന് പ്രഖ്യാപിക്കാനും ഗവൺമെന്റ് ഒരുക്കമാണോ ?

ശ്രീ. കെ. എം. മാണി : സർ, ആ കാര്യം റവന്യൂ റിക്കവറിയുടെ ചാർജ് വഹിക്കുന്ന മന്ത്രി എന്ന നിലയിൽ ഗവൺമെന്റിനുവേണ്ടി പറയുകയാണ്, ഇതുവരെ ജപ്തി ഉണ്ടായിട്ടുള്ള ഏതേതു കേസുകളിൽ ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ അവർക്ക് ഉദാരമായി ഇൻസ്റ്റാൾമെന്റ് നൽകിയിട്ടുണ്ട്. ആ രീതിയിലുള്ള ഉദാരമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കൺസിലിയേഷനെ സംബന്ധിച്ചിടത്തോളം ബോർഡിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ഞാൻ പരിശോധിക്കാം.

650/13

LIBRARY ARCHIVES Kerala Legislative Assembly